**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 573** **23-07-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്ക് ആശയവിനിമയ ഉപകരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **Shri Saji Cherian**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്കായി ആശയവിനിമയ ഉപകരണങ്ങൾ ഫിഷറീസ് വകുപ്പ് വഴി ലഭ്യമാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ഉപകരണങ്ങളാണ് അവയെന്ന് വ്യക്തമാക്കാമോ; | (എ) | 2011- 12 സാമ്പത്തിക വർഷം, കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷാ ഉറപ്പ വരുത്തുന്നതിനായി കടലിൽ അപകടത്തിൽപ്പെട്ടാൽ അലർട്ട് പുറപ്പെടുവിക്കുന്ന 7262 EPIRB-Radio Beacon വിതരണം ചെയ്തിരുന്നു. കൂടാതെ 2019-20 സാമ്പത്തിക വർഷം ഓഖി ദുരന്ത പശ്ചാത്തലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്കായി 941 നാവിക് ഉപകരണങ്ങൾ, 168 സാറ്റലൈറ്റ് ഫോൺ എന്നിവ വിതരണം ചെയ്തിരുന്നു. 2019-20 സാമ്പത്തിക വർഷത്തെ Sea Safety equipmetns to traditional fishing craft പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് ആശയ വിനിമയത്തിനായി ഉപകരിക്കുന്ന തരത്തിലുള്ള 1500 മറൈൻ VHF റേഡിയോകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ടി പദ്ധതിയിലുൾപ്പെടുന്ന മറ്റൊരു component ആയി 64 DAT മത്സ്യത്തൊഴിലാളികൾക്കു വിതരണം ചെയ്തിരുന്നു. നടപ്പ് വർഷം 1000 എണ്ണം VHF, GPS വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | എത്ര ശതമാനമാണ് സബ്സിഡി എന്ന് വ്യക്തമാക്കാമോ; | (ബി) | Satellite ഫോണുകൾ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 1000/- രൂപ നിരക്കിലും ബോട്ടുടമകൾക്കു 50% subsidy നിരക്കിലുമാണ് വിതരണം ചെയ്യുന്നത്. Marine VHF Radio 75% സബ്സിഡി നിരക്കിലാണ് വിതരണം ചെയ്യുന്നത്. |
| (സി) | പ്രസ്തുത ഉപകരണങ്ങൾ കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ എത്ര വള്ളങ്ങൾക്ക് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (സി) | EPIRB- Radio Beacon 231 വള്ളങ്ങൾക്ക് നൽകിയിരുന്നു. VHF Marine Radio – 17 വള്ളങ്ങൾക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. DAT ആർക്കും അനുവദിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | ഉപകരണങ്ങൾ സബ്സിഡി നിരക്കിൽ ലഭിക്കാനായി അപേക്ഷ സമർപ്പിക്കേണ്ടത് എവിടെയാണെന്നും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ, മാനദണ്ഡങ്ങൾ എന്നിവ എന്തെല്ലാമാണെന്നും വിശദമാക്കാമോ? | (ഡി) | എല്ലാ ജില്ലകളിലെയും ഫിഷറീസ് വകുപ്പിന് കീഴിലുള്ള ജില്ലാ ഓഫീസുകളിലും മത്സ്യഭവൻ ഓഫീസുകളിലുമാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ട രേഖകൾ (പകർപ്പ്) 1) യാനമുടമയുടെ തിരിച്ചറിയൽ കാർഡ്/ ആധാർ കാർഡ് 2) യാനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് 3) യാനത്തിന്റെ ലൈസൻസ്/ടി ആർ 5 4) മത്സ്യത്തൊഴിലാളികളുടെ ആധാർ കാർഡ് / വോട്ടർ കാർഡ് / Bio metric ID card 5) മത്സ്യത്തൊഴിലാളികളുടെ കേരള മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡിലെ പാസ് ബുക്കിലെ ബന്ധപ്പെട്ട പേജുകൾ |

സെക്ഷൻ ഓഫീസർ